www.janmabhumidaily.com/keralam

ജന്മഭൂമി

കൊല്ലം



ഗാന്ധിഭവന്റെ ചിത്രം പതിച്ച് പുറത്തിറക്കിയ തപാൽകവർ

# ഗാന്ധിഭവന് തപാൽ വകുപ്പിന്റെ അംഗീകാരവും

പത്തനാപുരം: ഗാന്ധിഭവൻ ഇന്ത്യൻ തപാൽ വകുപ്പിന്റെ ചരിത്രതാളുകളിൽ ഇടം നേടി. തപാൽ വകുപ്പിന്റെ കേരള പോസ്റ്റൽ സർക്കിളിന്റെ കീഴിൽ നടന്ന പത്തനംതിട്ട പെക്സ് 2017 ഭാഗമായി ഫിലാന്റലിക് എക്സിബിഷനിൽ ഗാന്ധിഭവന്റെ പേരിലുള്ള പ്രത്യേക പോസ്റ്റൽകവർ പുറത്തിറങ്ങി. ഗാന്ധിഭവന്റെ ബഹുവർണചിത്രം പതിച്ച കവറിന് അഞ്ച് രൂപയാണ് വില.

ചടങ്ങിൽ പോസ്റ്റൽ ഡയറക്ടർ തോമസ് ലൂർദ് രാജ് ഗാന്ധിഭവൻ സെക്രട്ടറി ഡോ.പുനലൂർ സോമരാജന് നൽകി സ്പെഷ്യൽ കവർ പുറത്തിറക്കി. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ, പോസ്റ്റൽ അസിസ്റ്റന്റ് ഡയറക്ടർ ബി.സുകുമാരൻനായർ, ബി. ഗോപകുമാർ, ജി. സുരേഷ് കുമാർ, ഒ.എം. മനോജ് എന്നിവർ സംസാരിച്ചു. തപാൽ ചരിത്രം വിശദമാക്കുന്ന പ്രദർശനവും സംഘടിപ്പിച്ചു.